**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7410 14/07/2014-ൽ മറുപടിയ്ക്ക്

# മാങ്ങയുടെ ഉൽപ്പാദനം

| ചോദ്യം<br>ശ്രീ.ബാബു.എം. പാലിശ്ശേരി | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|
| എ) മാങ്ങയുടെ ഉൽപ്പാദനം വർഷത്തിൽ ശരാശരി എത്ര ടൺ വരുമെന്ന് വ്യക്തമാക്കാമോ; | എ) 2011-12-ലെ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് അനുസരിച്ച് കേരളത്തിലെ മാമ്പഴത്തിന്റെ ഉത്പാദനം 460424 ടൺ ആണ്. |
| ബി) ഇതിൽ അഭ്യന്തര ആവശ്യം കഴിഞ്ഞ് എത്ര ടൺ വിദേശത്തേയ്ക്കും, അന്യസംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നുണ്ട്;<br>സി) ഇതുമൂലം സംസ്ഥാനത്തേക്ക് എത്രകോടി രൂപയുടെ വരുമാനം ലഭ്യമാകുന്നുണ്ട്; | ബി)<br>സി) കൃഷി വകുപ്പിൽ ഈ വിവരം ശേഖരിച്ചിട്ടില്ല. |
| ഡി) മാങ്ങയ്ക്ക് മികച്ച വില ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | ഡി) ഉണ്ട്.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ 5 വർഷക്കാലമായി ദേശീയ തേൻ മാമ്പഴോത്സവം തിരുവനന്തപുരത്ത് നടത്തി വരുന്നു. ഈ മേളയിൽ കേരളത്തിനകത്തും പുറത്തുമുള്ള മാമ്പഴ ഉത്പാദക സംഘങ്ങൾ അവർ ഉത്പാദിപ്പിക്കുന്ന മാമ്പഴം വിൽപ്പനയ്ക്കായി കൊണ്ടു വരുന്നു. ഇത് അവരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുവാൻ സഹായകമാകുന്നു.<br>ലോക വിപണിയിൽ മാമ്പഴം ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയുണ്ട്. ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന അൽഫോൺസ, മൽഗോവ, ഉൾപ്പെടെയുള്ള മാങ്ങകൾക്ക് യൂറോപ്യൻ യൂണിയൻ 2014 മേയ് 1 മുതൽ വിലക്ക് ഏർപ്പെടുത്തുകയുണ്ടായി. ഇതിനു പരിഹാരമായി ഇന്ത്യയിൽ നിന്നും കയറ്റി അയക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണെന്ന് ഉറപ്പു വരുത്തുകയും |

APEDA അംഗീകരിച്ച പാക്ക് ഹൗസുകൾ വഴി മാത്രമേ ഈ കയറ്റുമതി അനുവദിക്കുകയുള്ളു. കൃഷി വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസിംഗ് കമ്പനിയുടെ ഫാക്ടറിക്ക് അടുത്തയിടെ ഇപ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരളത്തിൽ APEDA അംഗീകരിച്ച ഏക പാക്ക് ഹൗസ് ആണിത്. ഈ നടപടി മുഖാന്തിരം പഴം, പച്ചക്കറികളുടെ കയറ്റുമതി വർദ്ധിക്കുകയാണെങ്കിൽ മാങ്ങയ്ക്ക് മികച്ച വില ലഭ്യമാകും.

Shobana

**സെക്ഷൻ ഓഫീസർ**